# അല്ലാഹു അവഗണിക്കുന്ന മൂന്ന് വിഭാഗക്കാർ

عَنْ أَبِي هُرَيْرَة رَضِي الله عَنْهُ قَالَ: قَالَ رَسُولُ الله ﷺ: ثَلاثٌ لاَ يُكَلِّمُهُمُ الله يَوْمَ الْقِيامَة وَلا يَنْظُرُ الَيْهِمْ وَلا يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيم: رَجُلٌ عَلَى فَضْلِ مَاءٍ بِالْفَلاَةِ يَمْنَعُهُ مِنَ ابْنِ السَّبِيل، وَ رَجُلٌ بَايَعَ رَجُلاً بِسلْعَة بَعْدَ الْعَصْرِ فَحَلَفَ لَهُ بِالله لَأَخَذَهَا بِكَذَا وَكَذَا، فَصَدَّقَهُ وَهُوَ عَلَى غَيْرِ ذَلِكَ ، وَرَجُلٌ بَايَعَ اِمَامًا لاَ يُبَايِعُهُ إِلاّ لِدُنْيَا فَإِن أَعطَاه مِنْهَا وَفَى وَ إِن لَم يُعْطِه مِنْهَا لَمْ يَفِ (بخاري)

അബൂഹുറയ്റ(റ)യിൽ നിന്ന്: നബി(സ) അരുളി: "അന്ത്യദിനത്തിൽ മൂന്ന് ആളുകളോട് അല്ലാഹു സംസാരിക്കുകയോ അവരെ (പരിഗണനയോടെ) നോക്കുകയോ അവരെ (പാപമാലിന്യങ്ങളിൽ നിന്ന്) ശുദ്ധീകരിക്കുകയോ ചെയ്യുന്നതല്ല. വേദനാജകമായ ശിക്ഷയാണവർക്കുള്ളത്. വിജനമായ മരുഭൂമിയിൽ തന്റെ ആവശ്യം കഴിഞ്ഞ് മിച്ചമുള്ള ജലം (ആവശ്യക്കാരായ) യാത്രക്കാർക്ക് കൊടുക്കാതെ തടഞ്ഞുവെക്കുന്നവനാണ് ഒരാൾ. അസ്റിന് ശേഷം (വൈകുന്നേരം) സാധനം വിൽക്കുമ്പോൾ ഞാൻ ഇത് ഇന്ന ഇന്ന വിലയ്ക്ക് വാങ്ങിയതാണെന്ന് വാങ്ങുന്നവനോട് സത്യം ചെയ്തു പറയുന്നവനാണ് രണ്ടാമൻ. അവന്റെ വാക്കു വിശ്വസിച്ച് അപരൻ സാധനം വാങ്ങും. പക്ഷേ, യാഥാർഥ്യം മറ്റൊന്നായിരിക്കും. ഐഹിക നേട്ടത്തിനു വേണ്ടി മാത്രം നേതാവിന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുന്നവനാണ് മൂന്നാമൻ. അദ്ദേഹം വല്ല ഭൗതിക നേട്ടവും നൽകിയാൽ അയാൾ ഉടമ്പടി പാലിക്കും. നൽകിയില്ലെങ്കിലോ പാലിക്കുകയുമില്ല" (ബുഖാരി).

**കാ**രുണ്യം, സത്യസന്ധത, സഹകരണം തുടങ്ങിയ ഉദാത്ത മൂല്യങ്ങളിന്മേലാണ് ഇസ്‌ലാം പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. സാമൂഹിക ജീവിതത്തിൽ അവയ്ക്കുള്ള പ്രസക്തി വളരെ വലുതാണ്. ആർക്കുമാരുടെയും സഹായമാവശ്യമില്ലാത്ത, പരസ്പരം സഹകരിക്കേണ്ടതില്ലാത്ത ഒരു സാമൂഹിക ക്രമം വിഭാവന ചെയ്യുക അസാധ്യമാണ്.

ആവശ്യം കഴിച്ച് മിച്ചമുള്ളതെന്താകട്ടെ, അത് അർഹരായ മറ്റുള്ളവർക്ക് വേണ്ടി നീക്കിവെക്കണമെന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. വായു കഴിഞ്ഞാൽ ജീവസന്ധാരണത്തിന് അനുപേക്ഷണീയമായ അടിസ്ഥാനോപാധികളിലൊന്നാണല്ലോ ജലം. വേനൽച്ചൂട് ക്രമാതീതമായി നിലനിന്നാൽ, മഴയുടെ അളവ് കുറഞ്ഞാൽ മനുഷ്യർ, ജന്തുക്കൾ, സസ്യലതാദികൾ തുടങ്ങി സകല ജീവജാലങ്ങളെയും അത് പ്രതികൂലമായി ബാധിക്കും. വൈവിധ്യമാർന്ന ജീവിതാവശ്യങ്ങൾക്ക് ജലം അനിവാര്യമായിരിക്കെ, അത് കിട്ടാതെ വന്നാൽ അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. അത്തരം സന്ദർഭങ്ങളിൽ തന്റെ ആവശ്യം കഴിച്ച് ബാക്കിയുള്ളത് ജലദൗർലഭ്യത്താൽ പൊറുതിമുട്ടുന്നവർക്ക് വേണ്ടി നീക്കിവെക്കുക എന്നത് മഹത്തായ ദാനമാണ്. അതിന് തയ്യാറാകാത്തവൻ ആ അനുഗ്രഹമൊരുക്കിത്തന്ന സ്രഷ്ടാവിനോട് ഗുരുതരമായ നന്ദികേടാണ് ചെയ്യുന്നത്. 'നീ നിന്റെ സഹോദരന്റെ ബക്കറ്റിലേക്കൊഴിച്ചു കൊടുക്കുന്ന വെള്ളത്തിനും നിനക്ക് മഹത്തായ പ്രതിഫലമുണ്ടെ'ന്നാണ് റസൂൽ(സ) പഠിപ്പിച്ചിട്ടുള്ളത്.

ഐഹിക നേട്ടം മാത്രം ലക്ഷ്യമാക്കി നേതാവിനോട് അനുസരണ പ്രതിജ്ഞ ചെയ്യുന്ന ചിലരുണ്ട്. കാര്യലാഭമുണ്ടായാൽ മാത്രം തൃപ്തിപ്പെടുകയും അല്ലാത്ത പക്ഷം, വെറുപ്പ് വെച്ചുപുലർത്തുകയും ചെയ്യുക വഴി ഇത്തരക്കാർ അല്ലാഹുവിന്റെ ശിക്ഷ ക്ഷണിച്ചു വരുത്തുകയാണ് ചെയ്യുന്നത്.

സകല ഇടപാടുകളും സത്യസന്ധതയിലധിഷ്ഠിതമായിരിക്കണമെന്നത് ഇസ്‌ലാമിന്റെ വ്യക്തമായ നിലപാടാണ്. അതിന് വിരുദ്ധമായതെന്തും തെറ്റും കുറ്റവും പരലോക മോക്ഷത്തിന് പ്രതിബന്ധമായിത്തീരുന്നതുമാണ്. ഉപജീവനോപാധികളിൽ മുഖ്യമാണ് കച്ചവടം. സത്യസന്ധതയോട് കൂടിയാണത് നടത്തുന്നതെങ്കിൽ പരലോകത്ത് സിദ്ദീഖുകളുടെയും ശുഹദാക്കളുടെയും (സത്യസന്ധന്മാർ, രക്തസാക്ഷികൾ) കൂടെയായിരിക്കും അവരുടെ സ്ഥാനമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. വഞ്ചന, പൂഴ്ത്തിവെപ്പ്, കള്ളസത്യം ചെയ്യൽ എന്നിവ ഗുരുതരമായ ശിക്ഷക്ക് ഇടയാക്കുന്നതാണെന്ന് മുന്നറിയിപ്പും നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിൽ അനുഷ്ഠിച്ച ആരാധനാ കർമങ്ങൾ കൊണ്ടോ, അനുഷ്ഠാനങ്ങൾ കൊണ്ടോ പരലോകത്ത് രക്ഷപ്പെടുക സാധ്യമല്ല. തങ്ങളനുഷ്ഠിച്ച ആരാധനകളുടെ വലിയ ഭാണ്ഡവും പേറി, പുനരുത്ഥാന നാളിൽ വിചാരണ സഭയിലെത്തുന്നേരം, സാമൂഹിക ജീവിതത്തിൽ മനുഷ്യരുമായുള്ള ബന്ധങ്ങളിൽ സംഭവിച്ച തെറ്റ് കുറ്റങ്ങൾ കാരണമായി ഇത്തരക്കാർ നരകത്തിലെറിയപ്പെടുന്ന ദുരന്തചിത്രം നബി(സ) വരച്ചു കാണിച്ചിട്ടുണ്ട്. ■